# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.662      28/02/2017-ൽ മറുപടിക്ക്

## കാറ്റിൽ നിന്ന് വൈദ്യുതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. ഇ.പി.ജയരാജൻ<br>,, കെ. ആൻസലൻ<br>,, ജോർജ് എം. തോമസ്<br>,, പി.ഉണ്ണി | | ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വേനൽ രൂക്ഷമാകുന്നത് മൂലമുണ്ടാകുന്ന ജല ദൗർലഭ്യം വൈദ്യുതോൽപ്പാദനത്തെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്ത് വേനൽ രൂക്ഷമായത് ജല വൈദ്യുതി ഉല്പാദനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രതിദിന ഉപഭോഗത്തിന്റെ 11 ശതമാനത്തോളം (2017 ഫെബ്രുവരി 21 വരെയുള്ള കണക്ക് അനുസരിച്ച്) വൈദ്യുതി മാത്രമാണ് ജല വൈദ്യുതി നിലയങ്ങളിൽ നിന്ന് ലഭ്യമാകുന്നത്. കഴിഞ്ഞ വർഷം ഈ കാലയളവിൽ ഇത് 29 ശതമാനം ആയിരുന്നു. |
| (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ ; | (ബി) | ഈ പ്രശ്നം പരിഹരിക്കുന്നതിനായി സംസ്ഥാനത്തിന് പുറത്തു നിന്നും വൈദ്യുതി കൊണ്ടു വരുന്നതിനുള്ള ദീർഘ കാല-ഹ്രസ്വകാല കരാറുകളിൽ ഏർപ്പെട്ടിട്ടുണ്ട്. 865 മെഗാവാട്ടിന്റെ ദീർഘകാല കരാറും 300 മെഗാവാട്ട് 'റൗണ്ട്-ദ-ക്ലോക്ക്' അടിസ്ഥാനത്തിലും 100 മെഗാവാട്ട് പീക്ക് സമയത്തും ഹ്രസ്വകാല കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.<br><br>ഇതിൽ 315 മെഗാവാട്ട് വൈദ്യുതി ദീർഘകാലാടിസ്ഥാനത്തിൽ 06.12.2016-ൽ ലഭിച്ചു തുടങ്ങി. മാർച്ച് മുതൽ ലഭിക്കേണ്ട 200 മെഗാവാട്ട് ഹ്രസ്വകാല കരാർ അനുസരിച്ച് വൈദ്യുതി കൊണ്ടു വരാനുള്ള ഇടനാഴിയും ലഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കൂടാതെ മാർച്ച് മാസത്തിൽ 85 മെഗാവാട്ട് വൈദ്യുതി വൈകുന്നേരം 6 മണി മുതൽ രാത്രി 12 മണിവരെ കൊണ്ടു വരാനുള്ള ഇടനാഴിയും അധിക വില കൊടുത്ത് ലഭ്യമാക്കിയിട്ടുണ്ട്. ഇത് കഴിഞ്ഞുള്ള വൈദ്യുതി കമ്മി പവർ എക്സ്ചേഞ്ച്, അൺഷെഡ്യൂൾഡ് ഇന്റർചേഞ്ച് എന്നിവ വഴി നികത്താനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പ്രശ്നത്തിന് പരിഹാരമെന്ന നില യിൽ കാറ്റിൽ നിന്നുള്ള വൈദ്യുതോ ൽപ്പാദനത്തിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാ ക്കമോ ; | (സി) | സാധ്യതാ പഠനം നടത്തിവരുന്നു. ഇതിനായി ചുരുങ്ങിയത് 1 വർഷം കാലദൈർഘ്യം വേണ്ടതാണ്.<br><br>ഇതുകൂടാതെ കാറ്റിൽ നിന്നുള്ള വൈദ്യുതി ഉല്പാദനം വ്യാപകമാക്കുന്നത് ലക്ഷ്യമിട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.<br>1. കേരളത്തിന്റെ കടൽ തീരങ്ങളിൽ ചെറുകാറ്റാടികൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കു ന്നതിന്റെ പ്രാരംഭ പദ്ധതിയായി പൂവാർ കടൽതീരത്ത് 1 മെഗാവാട്ട് ശേഷിയുള്ള ചെറു കാറ്റാടിപ്പാടം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.<br><br>2. കേരളത്തിൽ ലഭ്യമായ മിതമായ കാറ്റിൽ നിന്നും പരമാവധി വൈദ്യുതോല്പാദനം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിവിധ സ്ഥലങ്ങളിൽ ചെറു കാറ്റാടികൾ സ്ഥാപിച്ച് പ്രായോഗികത വിലയി രുത്താനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ഡി) | ഇപ്രകാരമുള്ള എത്ര വൈദ്യുത പദ്ധതികളാണ് നിലവിൽ പൂർത്തി യായിട്ടുള്ളത്; വിശദാംശം നൽകുമോ ? | (ഡി) | നിലവിൽ 43.3MW വൈദ്യുതി കാറ്റിൽ നിന്നും ഉത്പാദിപ്പിക്കുന്നുണ്ട്.<br>ഇപ്രകാരം പൂർത്തിയായിക്കഴിഞ്ഞ പദ്ധതികൾ ചുവടെചേർക്കുന്നു.<br><br>കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള പദ്ധതികൾ |

| | | | |
|---|---|---|---|
| | | | 1. കഞ്ചിക്കോട് – 225 കിലോവാട്ട് ശേഷിയുള്ള 9 കാറ്റാടികൾ (ആകെ ശേഷി – 9 X 225 KW = 2.025 മെഗാവാട്ട്)<br><br>സ്വകാര്യ ഉടമസ്ഥതയിലുള്ള പദ്ധതികൾ<br><br>1. രാമക്കൽമേട് – 750 കിലോവാട്ട് ശേഷിയുള്ള 19 കാറ്റാടികൾ (ആകെ ശേഷി – 19 X 750 KW = 14.25 മെഗാവാട്ട്)<br>2. അഗളി – 600 കിലോവാട്ട് ശേഷിയുള്ള 31 കാറ്റാടികൾ (ആകെ ശേഷി – 31 X 600 KW = 18.60 മെഗാവാട്ട്)<br>3. കഞ്ചിക്കോട് – 2.10 മെഗാവാട്ട് ശേഷിയുള്ള 4 കാറ്റാടികൾ (ആകെ ശേഷി - 4 X 2.10 MW = 8.40 മെഗാവാട്ട്) |

സെക്ഷൻ ഓഫീസർ